# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3164 — 10.05.2017 ൽ മറുപടിയ്ക്ക്

### വാതിൽപ്പടി റേഷൻവിതരണം

ചോദ്യം
ശ്രീ. കെ.മുരളീധരൻ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. സണ്ണി ജോസഫ് :

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യഭദ്രത നിയമപ്രകാരം കൊല്ലം ജില്ലയിൽ ആരംഭിച്ച വാതിൽപ്പടി റേഷൻവിതരണം വിജയകരമാണോ; | (എ) | വിജയകരമാണ്. |
| (ബി) | റേഷൻ ട്രാൻസ്പോർട്ടേഷൻ ടെൻഡറുകളിൽ ബിനാമി പേരിൽ ക്രിമിനലുകളും കരിഞ്ചന്തക്കാരും കടന്ന് കൂടി എന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ; | (ബി) | ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിനുള്ള ദർഘാസിലെ നിബന്ധനകൾക്ക് വിരുദ്ധമായി കണ്ട ടെൻഡറുകൾ അംഗീകരിച്ചിട്ടില്ല. കൂടാതെ ദർഘാസുകാരുമായി കരാർ വയ്ക്കുമ്പോൾ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഇ.സി ആക്ട് പ്രകാരമോ മറ്റേതെങ്കിലും നിയമ പ്രകാരമോ ശിക്ഷിച്ചിട്ടില്ലെന്ന സത്യപ്രസ്താവനയും വാങ്ങുന്നുണ്ട്. ഇതനുസരിച്ച് മാത്രമാണ് കടത്തുകരാർ ഉറപ്പിക്കുന്നത്. |
| (സി) | വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ഇക്കാര്യത്തിൽ പ്രി-ബിഡ് മീറ്റിംഗ് വിളിച്ചതിനെ തുടർന്ന് ടെൻഡർ നടപടികളിൽ പങ്കെടുത്തവർ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (ഇ.ഒ.ഐ) സമർപ്പിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | മറ്റ് ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നത് എന്നത്തേക്ക് നടപ്പാക്കാനാകും എന്ന് വെളിപ്പെടുത്തുമോ? | (ഡി) | തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ ജൂൺ മാസം മുതൽ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ